പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2055

11.06.2018 -ൽ മറുപടിയ്ക്ക്

## അട്ടപ്പാടിയിൽ പന്ത്രണ്ട് വയസുകാരി ലൈംഗിക പീഢനത്തിന് ഇരയായ സംഭവം

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | അട്ടപ്പാടിയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട പന്ത്രണ്ട് വയസുകാരി ദിവസങ്ങളോളം ലൈംഗിക പീഢനത്തിന് ഇരയായ സംഭവത്തിൽ അന്വേ-ഷണം ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (എ) | ഇതുമായി ബന്ധപ്പെട്ട് ഷോളയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 106/2018 u/s 57 of KP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ സെക്ഷൻ 361, 376 (D), (B) r/w 34 IPC Sec.5(m)(i) r/w 6 II, (VI),r/w 12, 16(ii) r/w 17 of POCSO ആക്ട് ആയി ഭേദഗതി ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്. ടി സംഭവവുമായി ബന്ധപ്പെട്ട് 6 കേസ്സുകൾ (Cr.Nos.106/18, 108/18, 109/18, 110/18, 111/18, 112/18) രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്രൈം നം.108/18 കേസ്സിലെ ഒരു പ്രതി ഒഴികെ മറ്റ് എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുള്ളതും പ്രതികൾ ഇപ്പോൾ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞു വരികയുമാണ്. പ്രസ്തുത കേസ്സുകളെല്ലാം ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.<br><br>(............2) |

(............2)

| | | | |
|---|---|---|---|
| (ബി) | ഈ കേസ്സിൽ എത്ര പേർക്കെതിരെ കേസ്സെടുത്തു; എത്ര പേർ അറസ്റ്റിലായി; അറസ്റ്റിലായ ഏതെങ്കിലും പ്രതികൾ പോലീസ് ജീപ്പിൽ നിന്ന് ചാടി രക്ഷ-പ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | 6 കേസ്സുകളിൽ ഉൾപ്പെട്ട 12 പ്രതികൾക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. ടി കേസ്സുകളിലെ 12 പേരിൽ 11 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റു ചെയ്ത പ്രതികളിൽ വീനസ് S/o വിശ്വനാഥൻ എന്ന പ്രതി പോലീസ് ജീപ്പിൽ നിന്നും ചാടി പോയിട്ടുള്ളതും തിരികെ പിടികൂടിയിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 435/18 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

Sd/-
സെക്ഷൻ ഓഫീസർ